



# വേഴാമ്പൽ സംരക്ഷണത്തിന്റെ രണ്ട് ദശകങ്ങൾ

**അമിതാബച്ചൻ കെ. എച്ച്.**

എസ്. വി. വിനോദ്, രാജേഷ് എൻ,
ഷെയ്ക്ക് ഹൈദർ ഹുസൈൻ

ഗോത്രസമൂഹ പങ്കാളിത്തത്തോടെ വാഴച്ചാലിൽ
നടന്നുവരുന്ന വേഴാമ്പൽ ആവാസവ്യവസ്ഥാ
സംരക്ഷണ നിരീക്ഷണാനുഭവങ്ങൾ





# വേഴാമ്പൽ നിരീക്ഷണത്തിന്റെ ശാസ്ത്രീയമാനങ്ങൾ

അമിതാബച്ചൻ കെ. എച്ച്, അനിത കെ. ടി.

വാഴച്ചാലിൽ തുടങ്ങിവെച്ച വേഴാമ്പൽ കൂട് നിരീക്ഷണ പദ്ധതി ആദിവാസികളുടെ പ്രാദേശിക അറിവുകളെകൂടി ഉൾപ്പെടുത്തി വളരെ ലളിതമായ രീതിയിൽ എന്നാൽ അതിന്റെ ശാസ്ത്രീയ അടിത്തറക്ക് മങ്ങലേൽക്കാതെ വികസിപ്പിച്ചെടുത്തതുകൊണ്ട് കഴിഞ്ഞ പതിനഞ്ചു വർഷത്തെ നിരീക്ഷണവിവരങ്ങൾ ശാസ്ത്രലോകത്തിനും വനസംരക്ഷണത്തിനും മുതൽക്കൂട്ടാണ്.

നാളിതുവരെ ഏകദേശം 62 മലമുഴക്കി വേഴാമ്പൽ കൂടുകളും 6 പാണ്ടൻ വേഴാമ്പൽ കൂടുകളുമാണ് വാഴച്ചാൽ വനഡിവിഷന്റെ പരിധിയിൽ നിരീക്ഷിച്ചു പോരുന്നത്. തുടക്കത്തിൽ ഇരുപത്തിമൂന്ന് മലമുഴക്കി വേഴാമ്പലിൽ തുടങ്ങി അറുപത്തിരണ്ടിൽ എത്തിനിൽക്കുമ്പോൾ ഓരോവർഷവും നിലവിലുള്ള പുതിയ കൂടുകൾ കണ്ടെത്തിയത് മാത്രമല്ല പല ഭീഷണികൾ കൊണ്ട് ഉപേക്ഷിച്ചു പോയ കൂടുകൾ തിരിച്ച് സജീവമായതും പുതിയ മരങ്ങളിൽ കൂടുകൾ ഉണ്ടായതും ഈ പദ്ധതിയുടെ വിജയത്തിന്റെ സൂചികയാണ്. പരമ്പരാഗതമായി മത്സ്യത്തെയെന്നപ്പോലെ ചില സമയങ്ങളിൽ വേഴാമ്പലുകളെ പിടിച്ചിരുന്ന കാടർ ആദിവാസികൾ ഈ പദ്ധതിയെ അവരുടെ ഭാഗമാക്കിമാറ്റുകയും അത്തരത്തിലുള്ള പ്രവർത്തിയിൽ നിന്ന് പിന്മാറുകയും ചെയ്തതിന്റെ സൂചനയാണ് ഇക്കാലമത്രയും മുക്കും പുഴക്കും ഷോളയാറിനും ഇടയിൽ വളരെ ദൂരെയുള്ള ഒരു കൂട്ടിൽ നിന്നും ഒരു പ്രാവശ്യമാണ് വേഴാമ്പലുകളെ എടുത്തതായി കണ്ടത്.

വാഴച്ചാൽ ഡിവിഷനിലെ ഒമ്പത് ആദിവാസി ഊരുകളിൽ നിന്ന് (8 കാടർ, 1 മലയർ) അൻപതോളം ആളുകൾ പലസമയങ്ങളിലായി നിരീക്ഷണത്തിൽ പങ്കാളികളായിട്ടുണ്ട്. വേഴാമ്പൽകൂടുകൾ നേരിടുന്ന പ്രധാന ഭീഷണികളെ ആറായി തിരിച്ചിട്ടുണ്ട്.

1. ആദിവാസികൾ കുഞ്ഞിനെ എടുക്കുന്നത്
2. ആിവാസി അല്ലാത്ത ആളുകൾ എടുക്കുന്നത്
3. കാട്ടുതീ
4. കാടിന്റെശോഷണം
5. അണക്കെട്ടുകൾ ഉണ്ടാക്കുന്ന വെള്ളപ്പൊക്കം (പുഴയോരക്കാടുകളിൽ)
6. വിനോദസഞ്ചാരശല്യം

വേഴാമ്പൽ സംരക്ഷണ പദ്ധതി പുരോഗമിച്ച് രണ്ട് ഘട്ടങ്ങളായി ഈ ഭീഷണി വിലയിരുത്തുമ്പോൾ ആദിവാസികൾ കുഞ്ഞിനെ എടുക്കുന്നതും മറ്റു ശല്യങ്ങളും കാട്ടുതീയും വളരെയധികം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഗതകാലപ്രവർത്തനങ്ങളുടെ ഫലമായി വേഴാമ്പൽ കൂട് സ്ഥിതിചെയ്യുന്ന കാടിന്റെ ശോഷണവും തദ്വാര കൂട് സ്ഥിതിചെയ്യുന്ന വൻമരങ്ങൾ ഇല്ലാതാവലും അതൊടൊപ്പം തന്നെ ഡാമുകളുടെ പ്രവർത്തനഫലമായി പുഴയോരക്കാടുകൾക്കുണ്ടായ നാശവും ഏറ്റവും വലിയ ഭീഷണിയായി